**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 4641 — 26.10.2016-ൽ മറുപടിയ്ക്ക്

**ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരുടെ അന്തർജില്ലാ സ്ഥലംമാറ്റം**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.മോൻസ് ജോസഫ്** | **അഡ്വ.കെ.രാജു**<br>(വനവും മൃഗസംരക്ഷണവും ക്ഷീരവികസനവും മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് I, ഗ്രേഡ് II തസ്തികകളിൽ പത്തും പതിനഞ്ചും വർഷത്തിലധികമായി വടക്കൻ ജില്ലകളിൽ ജോലി നോക്കുന്ന ഉദ്യോഗസ്ഥർ സ്വന്തം നാട്ടിലേയ്ക്ക് സ്ഥലം മാറ്റത്തിനായി അപേക്ഷിച്ചിട്ടും ലഭിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്നറിയിക്കാമോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ജില്ലാതല റിക്രൂട്ട്മെന്റ് വഴി ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ആയി ഒരു ജില്ലയിൽ നിയമനം ലഭിച്ചവർക്ക് നിലവിലുള്ള സർക്കാർ ഉത്തരവ് പ്രകാരം അന്തർജില്ലാ സ്ഥലം മാറ്റത്തിന് വ്യവസ്ഥയുണ്ട്. അന്തർജില്ലാ സ്ഥലംമാറ്റവുമായി ബന്ധപ്പെട്ട ഉത്തരവുകളിലെ വ്യവസ്ഥകൾ പ്രകാരം ഒരു കാറ്റഗറിയിൽ ഒരു ജില്ലയിൽ ഒരു വർഷം ഉണ്ടാകുന്ന 10% വേക്കൻസികളിൽ മാത്രമേ അന്തർജില്ലാ സ്ഥലം മാറ്റം നൽകുവാൻ കഴിയുകയുള്ളൂ. ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് അർഹതപ്പെട്ടവർക്ക് അന്തർജില്ലാ-സ്ഥലംമാറ്റം നൽകി വരുന്നുണ്ട്. നിലവിൽ ജീവനക്കാർക്ക് പൊതുവായി ബാധകമായ ചട്ടങ്ങൾ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ-മാർക്കും ബാധകമാണ്. |
| (ബി) ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരുടെ അന്തർ ജില്ലാ സ്ഥലം മാറ്റത്തിന് നിലവിലുള്ള തടസ്സമെന്താണെന്ന് വ്യക്തമാക്കമോ; ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് I പ്രൊമോഷൻ ലഭിച്ചവർക്ക് ഇതുവരെ ജനറൽ ട്രാൻസ്ഫർ നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലായെങ്കിൽ കാരണം വെളിപ്പെടുത്തുമോ? | (ബി) ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാർക്ക്, നിലവിലുള്ള വ്യവസ്ഥകൾ പ്രകാരമുള്ള അന്തർജില്ലാ സ്ഥലംമാറ്റത്തിന് തടസ്സങ്ങൾ ഒന്നുമില്ല.<br>ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് I തസ്തിക ജില്ലാതല തസ്തിക ആയതിനാൽ ജില്ലാതലത്തിൽ പൊതുസ്ഥലംമാറ്റം നൽകുന്നുണ്ട്. ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് I, പ്രൊമോഷൻ ലഭിച്ചവർക്ക് ഇതുവരെ സംസ്ഥാനതലത്തിൽ ജനറൽ |

ട്രാൻസ്ഫർ നടപ്പിലാക്കിയിട്ടില്ല. ആയതിന്റെ കാരണം താഴെക്കൊടുക്കുന്നു.

മൃഗസംരക്ഷണ വകുപ്പിലെ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാർ ജില്ലാതല റിക്രൂട്ട്മെന്റ് വഴി ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് II ആയി ജില്ലാതല നിയമനം ലഭിക്കുകയും റേഷ്യോ പ്രൊമോഷൻ വഴി ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് I ആയി മാറുകയും ചെയ്യുന്നു. പ്രൊമോഷന് ശേഷം ടി ജീവനക്കാർക്ക് ജോലിയുടെ സ്വഭാവത്തിൽ മാറ്റം വരുന്നില്ല. ടി ജീവനക്കാർ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തികകളിൽ റേഷ്യോ പ്രൊമോഷൻ ലഭിച്ച് ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് I ആയി മാറുന്നതല്ലാതെ സംസ്ഥാന-തലത്തിൽ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് I തസ്തികകൾ സൃഷ്ടിച്ചിട്ടില്ല. ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് I ആയി റിട്ടയർ ചെയ്യുന്നവരുടെ വേക്കൻസികൾ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് II വേക്കൻസികൾ ആയി ജില്ലാതലത്തിൽ പബ്ളിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യുകയും ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് II ആയി പുതിയ നിയമനം നടത്തുകയും ചെയ്യുന്നു. നിലവിൽ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് I ജില്ലാതല തസ്തിക ആയതിനാൽ, സംസ്ഥാനതലത്തിൽ പൊതുസ്ഥലംമാറ്റം നൽകുവാൻ കഴിയില്ല. ജില്ലാതല തസ്തികകൾക്ക് ജില്ലാതലത്തിൽ മാത്രമേ പൊതുസ്ഥലംമാറ്റം നൽകുവാൻ കഴിയൂ.

സെക്ഷൻ ഓഫീസർ